പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: **207**

13.02.2013-ൽ മറുപടിക്ക്

## കേന്ദ്ര വിജിലൻസ് കമ്മിഷൻ നിർദ്ദേശിച്ച ഇൻറഗ്രിറ്റി പാക്ട്

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.ബാബു.എം.പാലിശ്ശേരി
ശ്രീ.എ.എം.ആരിഫ്
ഡോ:കെ.ടി.ജലീൽ

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ സാധന സാമഗ്രികൾ വാങ്ങുന്നതിൽ അഴിമതി ഒഴിവാക്കുന്നതിന് കേന്ദ്ര വിജിലൻസ് കമ്മിഷൻ നിർദ്ദേശിച്ച ഇൻറഗ്രിറ്റി പാക്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

**(എ)** പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിൽ അഴിമതി ഒഴിവാക്കുന്നതിന് കേന്ദ്ര വിജിലൻസ് കമ്മീഷൻ നിർദ്ദേശിച്ച ഇൻറഗ്രിറ്റിപാക്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ടെണ്ടർ ക്ഷണിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളവർ ടെണ്ടറിൽ പങ്കെടുക്കുന്നവരിൽ നിന്നും അനധികൃതമായി യാതൊരുവിധ പാരിതോഷികമോ സേവനങ്ങളോ അഭ്യർത്ഥിക്കാനോ സ്വീകരിക്കാനോ പാടില്ല.

- ടെണ്ടറിന്റെ വിലയിരുത്തൽ അതിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഒരേ മാനദണ്ഡത്തിലായിരിക്കും.

- ടെണ്ടറിൽ പങ്കെടുക്കുന്നവർ ടെണ്ടർ ക്ഷണിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളവർക്ക് അനധികൃതമായി യാതൊരുവിധ

പാരിതോഷികമോ സേവനങ്ങളോ നൽകുവാൻ പാടുള്ളതല്ല.

❖ ഒരേ ടെണ്ടറിൽ പങ്കെടുക്കുന്നവർ തമ്മിൽ നിയമപരമല്ലാത്ത യാതൊരു മുൻധാരണ വിലയിലോ, സാധനങ്ങളുടെ തരംതിരിവിലോ, സർട്ടിഫിക്കേഷനിലോ, ലഭിക്കാവുന്ന മറ്റു ആനുകൂല്യങ്ങളിലോ പാടില്ല

❖ ടെണ്ടറിൽ പങ്കെടുക്കുന്നവർ അവരുടെ വ്യവസായ ബന്ധങ്ങളും വിവരങ്ങളും മറ്റുള്ളവരുമായി കൈമാറാൻ പാടില്ല. ടെണ്ടറിൽ പങ്കെടുക്കുന്നവർ PC / IPC നിയമത്തിൻെറ പരിധിയിലുള്ള യാതൊരു വിധ കുറ്റവും ചെയ്യാൻ പാടില്ല

❖ ടെണ്ടറിൽ പങ്കെടുക്കുന്ന വിദേശ സ്ഥാപനങ്ങൾ / വ്യക്തികൾ അവരുടെ ഇൻഡ്യൻ ഏജൻസിയുടേയോ, പങ്കാളികളുടേയോ, പ്രതിനിധിയുടെയോ പൂർണ്ണവിവരം നൽകണം. ടെണ്ടറിൽ പങ്കെടുക്കുന്ന ഇൻഡ്യൻ സ്ഥാപനത്തിന് വിദേശത്ത് പങ്കാളികൾ ഉണ്ടെങ്കിൽ അവയുടെ പൂർണ്ണവിവരം നൽകണം.

❖ ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് / സ്ഥാപനത്തിന് ഇടനിലക്കാർ ഉണ്ടെങ്കിൽ വിവരം വെളിപ്പെടുത്തണം.

❖ മറ്റേതെങ്കിലും കമ്പനിയുമായി അഴിമതി നിരോധനനിയമപ്രകാരം കേസ് നിലവിലുണ്ടെങ്കിൽ അത് വെളിപ്പെടുത്തേണ്ടതാണ്.

**(ബി)** വിജിലൻസ് കമ്മിഷൻെറ നിർദ്ദേശ പ്രകാരമുള്ള നടപടിക്രമം സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

**(ബി)** തീരുമാനിച്ചിട്ടുണ്ട്.

**(സി)** എങ്കിൽ പ്രസ്തുത നടപടി സംബന്ധിച്ച ഉത്തരവിൻെറ കോപ്പി നൽകാമോ;

**(സി)** ഇതു സംബന്ധിച്ച സർക്കുലറിൻെറ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**(ഡി)** പ്രസ്തുത സംവിധാനത്തിൻെറ നടത്തിപ്പിനായി ഇൻഡിപെൻഡൻറ് എക്സ്റ്റേണൽ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

**(ഡി)** ഇൻഡിപെൻഡൻറ് എക്സ്റ്റേണൽ മോണിറ്ററെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചുവരുന്നു.

**(ഇ)** ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്നും അതിൻെറ വിശദാംശങ്ങളും വ്യക്തമാക്കുമോ?

**(ഇ)** ബാധകമല്ല

സെക്ഷൻ ഓഫീസർ

ഭരണഭാഷ

GOVERNMENT OF KERALA

No.16805/H1/2011/ID.

Industries (H) Department
Thiruvananthapuram,
Dated 16.11.2011.

## CIRCULAR

Sub:- Public Sector Undertakings - Adoption of Integrity Pact in major Government procurement activities - Guidelines issued.

To improve the integrity, transparency, equity and competitiveness for transaction in Public Sector Undertakings, the Central Vigilance Commission has brought out the concept of an Integrity Pact vide Office Order No.41/12/07 dated 4.12.07. The Integrity Pact essentially envisages an agreement between the prospective vendors/bidders and the buyer, committing the persons/officials of both sides, not to resort to any corrupt practices in any aspect/stage of the contract. An Independent External Monitor (IEM) will do a concurrent evaluation of procedures adopted and file a report.

2. This Integrity Pact has to be implemented in all PSUs under Industries Department, Kerala which does capital purchases, based on Government approval. Threshold for such reference to the Government is as per the Articles of Association and delegation of authority to Boards.

3. RIAB will maintain a panel of IEMs after advice by Central Vigilance Commission. The IEM will be deputed by RIAB. The IEM will submit report to the CEO for information of the Board with a copy to RIAB. Such reports received in RIAB will be sent to Government along with the comments of the PSU board. Based on this Government will convene a High Level Meeting for future action. The High Level Meeting consisting of Secretary to Government, Industries &Commerce Department, representative of sections concerned, MD of the PSU and RIAB will be convened once in four months to discuss findings of IEM and its comments.

**Japabalan Oliver**
Additional Secretary to Government

To

The Accountant General ( (A&E)/Audit), Kerala, Thiruvananthapuram

All Departments in Secretariat including Law & Finance
All Principal Secretaries/Secretaries
All Pubic Sector Undertakings under Industries Department.

Forwarded/By Order,

Section Officer.

S.O